# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **27.06.2013 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 4258**

## ന്യൂനപക്ഷ പദവി ലഭിച്ച സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് നിലവിൽ കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ പദവി ലഭിച്ച എത്ര സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്; | (എ), (ബി), (സി), (ഡി) & (ഇ) | വിവരം ശേഖരിച്ചു നൽകുന്നതാണ് |
| (ബി) | ഇതിൽ എൽ.പി. / യു.പി./ ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ/മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | | |
| (സി) | ആയതിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ സർക്കാർ വന്നതിനു ശേഷം ന്യൂനപക്ഷ പദവി ലഭിച്ചിട്ടുണ്ട്; | | |
| (ഡി) | ന്യൂനപക്ഷ പദവി ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; | | |
| (ഇ) | പ്രസ്തുത സ്ഥാപനങ്ങൾ മാനദണ്ഡങ്ങൾ പാലിച്ചാണോ പ്രവർത്തിക്കുന്നത്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | |
| (എഫ്) | ഇത്തരം സ്ഥാപനങ്ങൾക്ക് കേന്ദ്ര/ സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; | (എഫ്) | കേരളത്തിലെ ന്യൂനപക്ഷ വിദ്യാലയങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രത്തിന്റെ ഐ.ഡി.എം.എം. പദ്ധതി പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 75% -മോ അല്ലെങ്കിൽ പരമാവധി 50 ലക്ഷം വരെയോ തുക അനുവദിക്കുന്നുണ്ട്. |

| | | |
|---|---|---|
| (ജി) | ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനങ്ങൾ,വിദ്യാർത്ഥികളുടെ അഡ്മിഷൻ വ്യവസ്ഥകൾ എന്നിവ എന്താണെന്ന് വെളിപ്പെടുത്തുമോ; | (ജി), (എച്ച്) & (ഐ) |
| (എച്ച്) | ഇത്തരം വ്യവസ്ഥകൾ എല്ലാ സ്ഥാപനങ്ങങ്ങളും കൃത്യമായി പാലിക്കുക്കുന്നുണ്ടോ; ഇല്ലെങ്കിൽ പാലിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാം; ഇവയുടെ പേരിൽ എന്ത് നടപടി സർക്കാർ സ്വീകരിച്ചു; വ്യക്തമാക്കുമോ; | ന്യൂനപക്ഷ പദവി ലഭിച്ച വിദ്യാലയങ്ങൾക്ക് പ്രത്യേകമായി ചട്ടങ്ങളോ നിയമമോ നിലവിലില്ല. മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലെ ന്യൂനപക്ഷ പദവി ലഭിച്ച സ്ഥാപനങ്ങളും കേരള വിദ്യാഭ്യാസ നിയമ പ്രകാരമാണ് പ്രവർത്തിക്കുന്നത്. മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കാത്ത നൂനപക്ഷ പദവി ലഭിച്ച സ്ഥാപനങ്ങളൊന്നും തന്നെ: അടച്ചുപൂട്ടിയിട്ടില്ല. |
| (ഐ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃത്യമായി മാനദണ്ഡങ്ങളും, വ്യവസ്ഥകളും പാലിക്കാത്ത ന്യൂനപക്ഷ പദവി ലഭിച്ച എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടി; വ്യക്തമാക്കുമോ? | |

Chitra

സെക്ഷൻ ഓഫീസർ